# തൊഴിൽ അറിയിപ്പ്

കേരളത്തിലെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ഒഴിവുള്ള തസ്തികകളിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിലേക്കായി വിദേശത്ത് നിന്ന് മടങ്ങിയെത്തിയ പ്രവാസികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കുറഞ്ഞത് 2 വർഷക്കാലം വിദേശ ജോലി ചെയ്തിട്ട് നാട്ടിൽ തിരിച്ചെത്തി ആറ് മാസം കഴിഞ്ഞ നിശ്ചിത യോഗ്യതയുള്ള പ്രവാസികൾ, അല്ലെങ്കിൽ ടി യോഗ്യതയുള്ള valid visa ഇല്ലാത്തവർക്കാണ് അപേക്ഷ സമർപ്പിക്കാൻ അർഹതയുള്ളത്. അപേക്ഷകന്റെ വാർഷിക വരുമാനം 3 ലക്ഷത്തിന് താഴെ ആയിരിക്കണം. **(അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി** 31/01/2025 )

**അപേക്ഷ സമർപ്പിക്കുന്നതിനായുള്ള ഗൂഗിൾ ഫോം നോർക്ക റൂട്ട്സിൻറെ വെബ് സൈറ്റിൽ ലഭ്യമാണ്** (www.norkaroots.org). **കൂടുതൽ വിവരങ്ങൾക്ക്** 0471 – 2770523 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഓരോ തസ്തികയിലേക്കും നിശ്ചിത യോഗ്യത ഉള്ളവർ അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്**

1. **ഇരു ചക്ര വാഹന ഡീലർ സ്ഥാപനങ്ങൾ** ( Automobile Sector) തിരുവനന്തപുരം ,കൊല്ലം ജില്ലകളിലുള്ള ഷോറൂം, സർവീസ് സെൻറർ എന്നിവിടങ്ങളിലേക്ക് ഒഴിവുള്ള തസ്തികകളിലേക്ക് **ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.**

| Sl. No | Designation Offered | Required Qualification | Experience | Salary Offered | Job Location | Male/Female | Age |
|---|---|---|---|---|---|---|---|
| 1 | CRE/ Sales Executives | Plus Two or above | 6 month | 10000 above+ incentives | Trivandrum | Male/female | Below 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | Team Leader | Diploma/ Degree | 6 month | 15000 above+incentives | Trivandrum | Male/female | Below 50 |
| 3 | Asst Sales Manager Sales | Degree | 6 month | 16000 above+incentives | Trivandrum | Male/female | Below 50 |
| 4 | Floor Supervisor /ASM Service | ITI/Diploma/Engg | relevant field | 12000 above+incentives | Trivandrum | Male/female | Below 50 |
| 5 | Spare in Charge | Plus Two/ITI | relevant field | 10000 above+incentives | Trivandrum | Male/female | Below 50 |
| 6 | Office Executive | Degree or Above | relevant field | 10000 above+incentives | Trivandrum | Male/female | Below 50 |
| 7 | Jr. accountant | Bcom or Above | relevant field | 10000 above+incentives | Trivandrum | Male/female | Below 50 |
| 8 | HR Manager | MBA in HR | relevant field | 13000 above+incentives | Trivandrum | Male/female | Below 50 |
| 9 | Operations Manager | MBA | relevant field | 13000 above+incentives | Trivandrum | Male/female | Below 50 |
| 10 | Field Executive | Plus Two | 1 to 2 year | 10000-15000+ incentives | Trivandrum/ kollam | Male | Below 50 |
| 11 | Sales Executives (Field) | Plus Two or above | 6 month | 15000 above+incentives | Trivandrum/ kollam | Male/female | Below 50 |
| 12 | Drivers | SSLC | 1 to 2 year | 12000-15000+ incentives | Trivandrum/ kollam | Male | Below 50 |
| 13 | Service Advisors | Plus Two/ITI/Diploma/Engg | 6 month | 10000-20000+ incentives | Trivandrum/ kollam | Male/female | Below 50 |
| 14 | Service Technicians | Plus Two/ITI/Diploma/Engg | 6 month | 10000-20000+ incentives | Trivandrum/ kollam | Male | Below 50 |

2. തിരുവനന്തപുരം ,കൊല്ലം ജില്ലകളിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനത്തിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.

| **Sl. No** | **Designation** | **Qualification** | **Experience** | **Salary Offered** | **Job Location** | **Male/Female** | **Age** |
|---|---|---|---|---|---|---|---|
| 1 | Business Development Manager | SSLC/PlUS TWO | 0-1 | 15000+incentives | Thiruvanathapuram/kollam | Male/Female | Below 50 |
| 2 | Senior Marketing Manager | SSLC | 0-1 | 10000+incentives | Thiruvanathapuram/kollam | Male/Female | Below 65 |
| 3 | Marketing Manager | SSLC | 0-1 | 10000+incentives | Thiruvanathapuram/kollam | Male/Female | Below 65 |

3. തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന MSME യൂണിറ്റുകളിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.

| **Sl. No** | **Designation Offered** | **Required Qualification** | **Experience if required** | **Salary Offered** | **Job Location** | **Male/Female** | **Age** |
|---|---|---|---|---|---|---|---|
| 1 | Plumber | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 2 | Electrician | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 3 | Turner | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 4 | Welder | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 5 | Helper | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 6 | Motor winder& light driver | SSLC | 2 | 12000+ | Thrissur/Palakkad | Male | Below 40 |
| 7 | Sales Man | SSLC | van sales | 30000+incentives | Ernakulam/Thrissur | Male | Below 65 |

4. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.

| Sl.No | Designation Offered | Required Qualification | Experience if required | Salary Offered | Job Location | Male/Female | Age |
|---|---|---|---|---|---|---|---|
| 1 | Field Assistant | Plus Two | 1 | 15000+ | Kozhikode | Male | Below 35 |
| 2 | Sales Man | SSLC | 2 | 12000+ | Kozhikode | Male | Below 35 |

5. കേരളം പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന മാൻപവർ കമ്പനി തിരുവനന്തപുരം ജില്ലയിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.

| Sl.No | Designation Offered | Required Qualification | Experience if required(years) | Salary Offered | Job Location | Male/Female | Age |
|---|---|---|---|---|---|---|---|
| 1 | Security Guard | SSLC | 2 | 15000+PF+ESI | TVM | Male/Female | 35 |
| 2 | Security Guard | SSLC | 2 | 12000 | TVM | Male/Female | 65 |
| 3 | Room Boy | SSLC | 2 | 12000 | TVM | Male | 50 |
| 4 | House maid | below SSLC | 1 | 15000+Food&Accomadation | TVM | Female | 50 |
| 5 | Delivery maid | SSLC | 1 | 25000 | TVM | Female | 50 |
| 6 | Kerala Cook | SSLC | 2 | 20000+Food&Accomadation | TVM | Male | 55 |
| 7 | Parotta maker | SSLC | 1 | 25000+Food&Accomadation | TVM | Male | 55 |
| 8 | Cleaning staff | SSLC | 1 | 10000 | TVM | Male | 50 |
| 9 | Cleaning staff | SSLC | 0-1 | 12000 | TVM | Female | 50 |

**നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ**

## I. ആമുഖം

പ്രവാസം ജീവിതം കഴിഞ്ഞ് നാട്ടിൽ തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിലേക്കായി നിരവധി സംരംഭകത്വ വികസന സഹായ പദ്ധതികൾ നോർക്കാ റൂട്ട്സ് നടപ്പിലാക്കി വരുന്നുണ്ട് . എന്നാൽ മടങ്ങിയെത്തിയ എല്ലാവർക്കും വിവിധ കാരണങ്ങളാൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയാറില്ല. വിവിധ മേഖലകളിലെ ദീർഘമായ അനുഭവ പരിചയമുള്ള നിരവധി പേർക്ക് അനുയോജ്യമായ തൊഴിൽ നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും ലഭിക്കാറില്ല. തിരികെ വന്ന പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിന് പുറമെ കേരളത്തിലുള്ള തദ്ദേശീയമായ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

15/05/2024 തീയതിയിലെ സ.ഉ.(സാധാ) നം. 318/2024/NORKA ഉത്തരവ് പ്രകാരം "NAME" പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

## II. ഉദ്ദേശ ലക്ഷ്യങ്ങൾ

പ്രവാസികൾ ആർജ്ജിച്ച അറിവും അനുഭവ പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗപ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് കൂടുതൽ തൊഴിലും തൊഴിൽ അവസരങ്ങളും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) എന്ന പദ്ധതിയ്ക്ക് രൂപം നൽകിയത്. 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു വർഷം പരമാവധി തൊഴിൽ ദിനങ്ങൾ എങ്കിലും പദ്ധതിയിലൂടെ തിരികെ വന്ന പ്രവാസികൾക്ക് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

പുതിയതായി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ നോർക്കാ റൂട്ട്സ് തെരഞ്ഞെടുക്കുന്ന തൊഴിൽ മേഖലകളിൽ മാത്രമായിരിക്കും തുടക്കത്തിൽ പദ്ധതി നടപ്പിലാക്കുക. ഒരു വ്യക്തിക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ആദ്യത്തെ ഒരു വർഷം മാത്രമെ ലഭിക്കുകയുള്ളൂ. ഒരു തൊഴിൽ ഉടമയ്ക്ക് ഒരു വർഷം ആനുകൂല്യം ലഭിച്ച തൊഴിലാളികളെ തുടർന്നുള്ള വർഷങ്ങളിൽ ആനുകല്യത്തിനായി ഉൾപ്പെടുത്താൻ കഴിയുന്നതല്ല.

കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളിൽ തിരികെ വന്ന പ്രവാസികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ടിയുള്ള ഒരു പൊതുവേദി ഒരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് നോർക്കാ റൂട്ട്സ് ഉദ്ദേശിക്കുന്നത്. അതായത് ഈ പദ്ധതി പ്രകാരം അപേക്ഷിക്കുന്ന എല്ലാവർക്കും തൊഴിൽ നൽകുന്നതിനോ തൊഴിലുടമകൾക്ക് ആവശ്യമുള്ള തൊഴിലാളികളെ നൽകുന്നതിനോ ഉള്ള ഉത്തരവാദിത്വം നോർക്കാ റൂട്ട്സിൽ നിക്ഷിപ്തമല്ല.

III. അർഹത

A. Employee

1. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ഉപജീവനാർത്ഥം തൊഴിൽ ചെയ്തിട്ടുള്ള നിലവിൽ തൊഴിൽ വിസ ഇല്ലാത്ത അല്ലെങ്കിൽ തിരികെ എത്തിയിട്ട് 6 മാസം കഴിഞ്ഞവരെയാണ് തിരികെ വന്ന പ്രവാസികൾ എന്നതായി ഈ പദ്ധതി പ്രകാരം കണക്കാക്കുന്നത്.

2. പ്രായ പരിധി : കുറഞ്ഞ പ്രായപരിധി 25 വയസ്സ്, ഉയർന്ന പ്രായപരിധി 70 വയസ്സ് (വയസ്സ് കണക്കാക്കുന്നത് ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി)

B. Employer

1. തിരിച്ചെത്തിയ പ്രവാസികൾ അംഗങ്ങളായിട്ടുള്ള സഹകരണ / വ്യവസായ / സമാന വകുപ്പുകളുടെ കീഴിൽ രജിസ്റ്റർ ചെയ്ത തൊഴിൽ / വ്യവസായ / സേവന / സംരംഭ സഹകരണ സംഘങ്ങൾ. ഇത്തരം സംഘങ്ങളിൽ 90 % അംഗങ്ങൾ തിരിച്ചെത്തിയ പ്രവാസികൾ ആയിരിക്കണം.

2. കേരളത്തിൽ പ്രവർത്തിച്ച് വരുന്ന Employees' State Insurance Scheme of India (ESI) / Employement Provident Fund (EPF) കൂടാതെ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ (Udyam, Private/Public Limited Companies etc.) രജിസ്ട്രേഷൻ ഉള്ള സഹകരണ/സ്വകാര്യ വ്യവസായ/വ്യാപാര/സേവന സ്ഥാപനങ്ങൾ.

3. കേരളത്തിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് സംരഭങ്ങൾ. (കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സംരംഭങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്)

4. ഈ പദ്ധതി പ്രകാരം ഒരു തൊഴിൽ ഉടമയ്ക്ക് ഒരു വർഷം പരമാവധി 50 പേരുടെ ആനുകൂല്യം ലഭിക്കുന്നതാണ് .

IV. പൊതുനിബന്ധനകൾ

a. ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കപ്പെടുന്നതിന് തൊഴിലാളിയുടെ കുടുംബത്തിന്റെ വാർഷിക വരുമാനപരിധി 3 ലക്ഷമോ അതിൽ താഴെയോ ആയിരിക്കേണ്ടതാണ്.

b. ഈ പദ്ധതിയിയുടെ കീഴിൽ തൊഴിൽ ലഭിക്കുന്നതിലേക്കായി തിരികെ വന്ന പ്രവാസികൾ (Employee), തൊഴിൽ ദാതാക്കളായ പ്രവാസി സഹകരണ സംഘങ്ങൾ / ഖണ്ഡിക **III.B.2** പ്രകാരം യോഗ്യതയുള്ള സ്ഥാപനങ്ങൾ (Employer) എന്നിവർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

c. നോർക്കാ റൂട്സിന്റെ അംഗീകാരം ലഭിക്കുന്ന സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

d. സഹകരണ സ്ഥാപനമായാലും സ്വകാര്യ സ്ഥാപനമായാലും ജീവനക്കാരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ആയിരിക്കണം തൊഴിൽ ഉടമ വേതനം നൽകേണ്ടത്. അപ്രകാരം നൽകുന്ന തുകയ്ക്ക് മാത്രമെ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ. സ്ഥാപനത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാത്രമെ തുക അനുവദിക്കുകയുള്ളൂ. വ്യക്തിഗത അക്കൗണ്ടുകളിലേയ്ക്ക് തുക അനുവദിക്കുന്നതല്ല. ഇതിലേക്കായി ബാങ്ക് പാസ്സ് ബുക്കിന്റെ പ്രസക്ത ഭാഗം സമർപ്പിക്കേണ്ടതാണ്.

e. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുന്നതിനുമുള്ള അധികാരം നോർക്കാ റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

f. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് അപേക്ഷ ഫോറം, മറ്റുള്ള അനുബന്ധരേഖകൾ, ഉപനിബന്ധനകൾ എന്നിവ പുറപ്പെടുവിക്കാനുള്ള അധികാരം നോർക്കാ റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമാണ്.

g. തെറ്റായ വിവരങ്ങൾ നൽകി ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന തൊഴിൽ ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും അങ്ങനെ കൈപ്പറ്റിയ ആനുകൂല്യം, പലിശ, മറ്റു ചെലവുകൾ സഹിതം ഈടാക്കുന്നതിനും നോർക്കാ റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ് .

h. NAME പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ / അപേക്ഷകൾ / നിർദ്ദേശങ്ങൾ എന്നിവയിൽ നിയമപ്രകാരമുള്ള ഉചിതമായ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നോർക്കാ റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

V. Wage compensation - നിബന്ധനകൾ

1. ജീവനക്കാരന് വർഷം മുഴുവനും, സ്ഥാപനം തൊഴിൽ നൽകിയിരിക്കണം (വർഷം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് *ജോലിയിൽ പ്രവേശിച്ച തീയതി മുതൽ* അംഗീകൃത അവധി ദിനങ്ങൾ ഉൾപ്പെടെ *ഒരു വർഷം)* എന്ന ഉറപ്പിലേയ്ക്കായി:-

a. സഹകരണ സ്ഥാപനമാണെങ്കിൽ സംഘം ഭരണ സമിതി തീരുമാനം

b. സ്വകാര്യ സ്ഥാപനമാണെങ്കിൽ സത്യവാങ്മൂലം സമർപ്പിക്കണം.

c. ഒരു വർഷം പൂർണ്ണമായും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ആയതിന് തൃപ്തികരമായ വിശദീകരണം ബന്ധപ്പെട്ട സ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്.

2. സ്ഥാപനത്തിന് മൂന്ന് മാസത്തിലൊരിക്കൽ ക്ലെയിം സമർപ്പിക്കാവുന്നതാണ് (ഏപ്രിൽ - ജൂൺ, ജൂലായ് - സെപ്റ്റംബർ, ഒക്ടോബർ - ഡിസംബർ, ജനുവരി - മാർച്ച്) . ഓരോ ക്വാർട്ടറിലും 25 ദിവസം (ഒരു വർഷം പരമാവധി 1 0 0 ദിവസം) എന്ന രീതിയിലായിരിക്കും തുക അനുവദിക്കുന്നത്.

3. ജീവനക്കാരന് ലഭിക്കുന്ന മാസവേതനത്തിന്റെ മുപ്പതിൽ ഒന്നാണ് (1/30) ഒരു ദിവസത്തെ ശരാശരി വേതനമായി ഈ പദ്ധതി പ്രകാരം കണക്കാക്കുന്നത്.

4. ഈ പദ്ധതി പ്രകാരം ഒരു ദിവസത്തെ വേതനത്തിന്റെ 50 % പരമാവധി 400 രൂപ ഇതിൽ ഏതാണോ കുറവ് അതായിരിക്കും Wage compensation ആയി തൊഴിൽ ഉടമയ്ക്ക് അനുവദിക്കുന്നത്. ഒരു തൊഴിൽ ഉടമയ്ക്ക് പരമാവധി ഒരു വർഷം 100 ദിവസത്തെ Wage compensation-ന് അർഹത ഉണ്ടായിരിക്കും.

5. ഏതെങ്കിലും കാരണവശാൽ ക്വാർട്ടർ അടിസ്ഥാനത്തിൽ പൂർണ്ണമായും വേതനം ക്ലെയിം ചെയ്യാൻ കഴിയാതെ വരികയാണെങ്കിൽ തൊഴിലെടുത്ത ദിവസങ്ങൾക്ക് ആനുപാതികമായി തുക നിജപ്പെടുത്തുന്നതാണ്.

6. സഹകരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന ഓഫീസ് ജീവനക്കാരുടെ ക്ലെയിമുകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണ ജില്ലാ രജിസ്ട്രാർ അംഗീകരിച്ച സ്റ്റാഫ് പാറ്റേണും അവർക്ക് നൽകിയ നിയമന ഉത്തരവിന്റെ പകർപ്പും നൽകേണ്ടതാണ്. (ബന്ധപ്പെട്ട രജിസ്ട്രാർ അംഗീകരിച്ച Paid Secretary ഉള്ള സംഘങ്ങൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളു).

7. സഹകരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്ന Skilled labourers, unskilled labourers എന്നിവരുടെ ക്ലെയിമുകളിൽ സംഘം തയ്യാറാക്കി നൽകിയ ജീവനക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണ ജില്ലാ രജിസ്ട്രാറോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

8. സ്വകാര്യ സ്ഥാപനങ്ങൾ ക്ലെയിം സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരന്റെ വിഹിതം ESI/ EPF യിലേക്ക് ഒടുക്കിയതിന്റെ list/ receipt ഉള്ളടക്കം ചെയ്യേണ്ടതാണ്.